**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3487** **15-02-2024 - ൽ മറുപടിയ്ക്ക്**

**കരിയർ ഡെവലപ്മെന്റ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എംപ്ലോയ്മെന്റ് വകുപ്പിന് കീഴിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തനമാരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്ത് എംപ്ലോയ്മെന്റ് വകുപ്പിന് കീഴിൽ 2016-17 സാമ്പത്തിക വർഷം മുതലാണ് കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചത്.** |
| (ബി) | നിലവിൽ സംസ്ഥാനത്ത് എത്ര കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട് വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | നിലവിൽ സംസ്ഥാനത്ത് 7 കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലാണ് കേരളത്തിലെ ആദ്യ കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിച്ചത്. ആയതിന് ശേഷം പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ, കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |
| (സി) | സി. ഡി. സി.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | കരിയർ ഡെവലപ്പ്മെന്റ് സെന്ററിലെ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഓരോ വർഷവും ആക്ഷൻ പ്ലാൻ തയ്യാറാക്കി നൽകുകയും ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ കൃത്യമായി നടത്തുന്നുണ്ടോയെന്ന് ബന്ധപ്പെട്ട മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർ എന്നിവർ വിലയിരുത്തുകയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| (ഡി) | കരിയർ ഇൻഫർമേഷൻ ഡാറ്റാ ബാങ്ക് ഉൾപ്പെടെയുള്ള സോഫ്റ്റ്‌വെയറുകൾ സി. ഡി. സി.കൾക്ക് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സൈക്കോമെട്രിക് | (ഡി) | കരിയർ ഡെവലപ്പ്മെന്റ് സെന്റർ ഡി.പി.ആർ പ്രകാരം ഡാറ്റാ ബാങ്ക് ഉൾപ്പെടെയുള്ള സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കുന്നതിന് KASE നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ ശീർഷകത്തിൽ |

| | | | |
|---|---|---|---|
| | അസസ്‌മെന്റ് ടെസ്റ്റുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | | തുകയുടെ ലഭ്യതയ്ക്കനുസരിച്ച് സൈക്കോമോടിക് അസസ്സ്‌മെന്റ് ടെസ്റ്റുകളും ലഭ്യമാക്കും. |
| (ഇ) | വകുപ്പിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദമാക്കാമോ; | (ഇ) | സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി (STP)-യുടെ അടിസ്ഥാനത്തിൽ ഐ.എം.ജി മുഖേനയാണ് വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നത്. അതിനായി ഓരോ വർഷത്തേയും ട്രെയിനിംഗ് കലണ്ടർ വകുപ്പ് തയ്യാറാക്കി ഐ.എം.ജി ക്ക് നൽകുകയും ഐ.എം.ജി യിൽ നിന്നും അംഗീകാരം ലഭിച്ച ശേഷം പ്രസ്തുത കലണ്ടറിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് പരിശീലനം നൽകി വരുകയും ചെയ്യുന്നു. ഇത് കൂടാതെ ഗവണ്മെന്റ് ഓഫ് ഇന്ത്യ(GOI) ട്രെയിനിംഗ് പ്രോഗ്രാമുകളും, KILE പോലുള്ള മറ്റ് സ്ഥാപനങ്ങൾ മുഖേനയുള്ള പരിശീലനങ്ങളും വകുപ്പിലെ ജീവനക്കാർക്ക് നൽകുന്നുണ്ട്. |
| (എഫ്) | സംസ്ഥാനത്ത് കരിയർ പോളിസി പരിഗണനയിലുണ്ടോ; ഇക്കാര്യങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ? | (എഫ്) | പരിഗണനയിലുണ്ട്. കരിയർ പോളിസി അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ